**POLICE** **DEPARTMENT**

**KERALA**

**No. D4(a)-12458/2018/CC**
City Police Office,
Kozhikode
cpkkd.pol@kerala.gov.in
04952722673
Dated. 13-03-2019

**ലേല പരസ്യം**

കോഴിക്കോട് ജില്ല പോലീസ് മേധാവിയുടെ അധീനതയിലുള്ളതും കോഴിക്കോട് ജില്ല സായുധ സേന വിഭാഗം ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ താഴെ പറയുന്ന ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ 12/04/2019 തിയ്യതി രാവിലെ 11 മണിക്ക് മേൽ പറഞ്ഞ ഓഫീസ് പരിസരത്ത് വെച്ച് ദർഘാസ് / ലേലം വഴി വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | റജിസ്ട്രേഷൻ നമ്പർ | വാഹന ഇനം | മോഡൽ | നിരത ദ്രവ്യം |
|---|---|---|---|---|
| 1 | KL 01 AA 4826 | Maheendra Jeep | 2003 | 7,500/- |
| 2 | KL 01 AD 4913 | Maheendra Jeep | 2004 | 8,000/- |
| 3 | KL 01 AD 4952 | Maheendra Jeep | 2004 | 8,000/- |
| 4 | KL 01 AG 9549 | Maheendra Jeep | 2005 | 8,000/- |
| 5 | KL 01 AQ 8201 | Maheendra Invader | 2007 | 5,000/- |
| 6 | KL 01 AQ 4294 | Ashok Leyland Stag Bus | 2007 | 9,900/- |
| 7 | KL 01 AS 6129 | Maheendra Invader | 2008 | 5,500/- |
| 8 | KL 01 AS 6185 | Maheendra Invader | 2008 | 5,000/- |
| 9 | KL 01 AU 5425 | Maheendra Invader | 2008 | 5,200/- |
| 10 | KL 01 X 9412 | Tata Sumo | 2002 | 8,000/- |
| 11 | KL 01 AD 5117 | Tata Sumo | 2004 | 8,000/- |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഏതെങ്കിലും ദേശ സാൽകൃത ബാങ്കിൽനിന്ന് കോഴിക്കോട് സിറ്റി ജില്ല പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യത്തിനു തുല്യമായ തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കവറിനു മുകളിൽ "വാഹനങ്ങളുടെ പുനർ ലേലത്തിനുള്ള ദർഘാസ്" എന്ന് വ്യക്തമായി എഴുതേണ്ടതാണ്. കൂടാതെ വാഹനങ്ങളുടെ രജിസ്റ്റർ നമ്പറുകളും ഇതോടൊപ്പം വ്യക്തമാക്കേണ്ടതാണ്.

പരസ്യലേലം കഴിഞ്ഞയുടൻ ബന്ധപ്പെട്ടവരുടെ മുമ്പിൽ വെച്ച് ദർഘാസുകൾ തുറക്കുന്നതും പരസ്യ ലേലത്തിലോ ദർഘാസിലോ ഏതിലാണോ കൂടുതൽ തുക ഉള്ളത് ആയതിനു ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലം കൈക്കൊണ്ടയാൾ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരത ദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് അപ്പോൾത്തന്നെ അടച്ച് രസീതി വാങ്ങേണ്ടതാണ്. ബാക്കി സംഖ്യ നികുതിയുൾപ്പെടെ ലേലം

സ്ഥിരപ്പെടുത്തിയ ഉത്തരവ് തിയ്യതി മുതൽ പത്ത് ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വാഹനം നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം കൊണ്ടയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ടി വാഹനം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ സർക്കാരിന് ഏതെങ്കിലും നഷ്ടം സംഭവിച്ചാൽ ആ തുക മുൻലേലക്കാരിൽ നിന്നും ഈടാക്കുന്നതും കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻലേലക്കാരന് യാതൊരു വിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിനായി നീക്കി വെച്ചിട്ടുള്ള വാഹനങ്ങൾ ലേലതിയ്യതിക്ക് മുമ്പുള്ള 10 പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ 5 മണി വരെയുള്ള ഏതെങ്കിലും സമയത്ത് ഡെപ്യൂട്ടി കമാണ്ടന്റിന്റെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. യുക്തമെന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തി വെക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും കോഴിക്കോട് സിറ്റി, ജില്ല പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് കോഴിക്കോട് സിറ്റി, ജില്ല പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

George A V IPS
Superintendent of Police

To : 1.എല്ലാ പോലീസ് മേധാവികൾക്കും, എല്ലാ കമാണ്ടന്റുകൾക്കും ആവശ്യമായ പരസ്യം നല്കുന്നതിലേക്കായി അയക്കുന്നു. 2.ഡെപ്യൂട്ടി കമാണ്ടാന്റ്റ്, അസി.കമാണ്ടാന്റ്റ് , മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ - ആംഡ് റിസർവ് കോഴിക്കോട് സിറ്റി എന്നിവർക്ക് അറിവിനും അനന്തര നടപടികൾക്കുമായി അയക്കുന്നു. 3.കോഴിക്കോട് സിറ്റി യിലെ എല്ലാ പോലീസ് ഓഫീസർമാർക്കും ആവശ്യമായ പരസ്യം നല്കുന്നതിലേക്കായി അയക്കുന്നു. 4.സൈബർ സെൽ, കോഴിക്കോട് സിറ്റി - കോഴിക്കോട് സിറ്റി പോലീസിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി അയക്കുന്നു.

Copy To : 1. സംസ്ഥാന പോലീസ് മേധാവിക്ക് ആമുഖക്കത്ത് സഹിതം അറിവിലേക്കായി അയക്കുന്നു. 2.കോഴിക്കോട് ജില്ല പബ്ലിക് റിലേഷൻസ് ഓഫീസർക്ക് പത്രമാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനായി ആമുഖക്കത്ത് സഹിതം അയക്കുന്നു. 3. തിരുവനന്തപുരം ഗവന്മേന്റ്റ് പ്രസ്സ് സൂപ്രണ്ടിന് 5 പകർപ്പ് ആമുഖക്കത്ത് സഹിതം ഗസറ്റ് വിജ്ഞാപനത്തിനായി അയക്കുന്നു.